| | | |
|---|---|---|
| I | **കൃപയുടെ നിർവചനം**<br>കൃപ **നമ്മുടെ ആസ്വാദനമെന്ന നിലയിൽ ക്രിസ്തുതന്നെയാണ്**—അവനെത്തന്നെ സൗജന്യമായി നമുക്ക് നൽകുകയും, നമുക്ക് എല്ലാമായിത്തീരുകയും, നമ്മിലും നമ്മിലൂടെയും നമുക്കുവേണ്ടിയും എല്ലാം ചെയ്യുകയും ചെയ്യുന്ന ജീവൻ നൽകുന്ന ആത്മാവായ പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ് കൃപ | യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.<br>ഗലാ 2:20 ...ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു...<br>1 കൊരി 15:10 ...എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ. |
| II | (1, 2) **കൃപയുടെ പെരുക്കം** | 1 പത്രൊ 1:2 ...നിങ്ങൾക്കു കൃപയും... പെരുകുമാറാകട്ടെ<br>2 പത്രൊ 1:2 നിങ്ങൾക്ക് കൃപയും... പെരുകുമാറാകട്ടെ |
| III | **പഴയനിയമത്തിലെ പ്രവാചകന്മാർ നമുക്കു (3) വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ചു**<br>• പഴയനിയമ പ്രവാചകന്മാരിലെ ക്രിസ്തുവിന്റെ ആത്മാവ്<br>• വിശ്വാസികളുടെ ദേഹികളുടെ രക്ഷയായ കൃപ | 1 പത്രൊ 1:10 നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ...<br>1 കൊരി 15:10 ...എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല |
| IV | **വിശ്വാസികൾ തങ്ങളുടെ (4) പ്രത്യാശ പൂർണമായി ഉറപ്പിച്ചിരിക്കുന്ന കൃപ യേശു ക്രിസ്തുവിന്റെ വെളിപാടിൽ അവർക്ക് കൊണ്ടുവരപ്പെടും**<br>• യേശു ക്രിസ്തുവിന്റെ വെളിപാടിൽ നമുക്കു കൊണ്ടുവരപ്പെടുന്ന കൃപ<br>• നമ്മുടെ പ്രത്യാശയെ ഉറപ്പിക്കുന്ന ദേഹിയുടെ രക്ഷ | 1 പത്രൊ 1:13 ...നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ |
| V | (5, 6) **ദൈവമുമ്പാകെ കൃപ**<br>• ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു<br>• മനുഷ്യന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ കൃപനിറഞ്ഞതും സ്വീകാര്യവുമായത് | 1 പത്രൊ 2:19 എന്തെന്നാൽ, ഒരുവൻ ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു എങ്കിൽ, ഇതാകുന്നു കൃപ<br>1 പത്രൊ 2:20 ...നിങ്ങൾ നന്മ ചെയ്യുമ്പോൾ കഷ്ടമേറ്റു കൊണ്ട് സഹിക്കുന്നു എങ്കിൽ, ഇത് ദൈവമുമ്പാകെ കൃപയാകുന്നു. |
| VI | (7) **ജീവകൃപ** | 1 പത്രൊ 3:7 ...ജീവകൃപയുടെ കൂട്ട വകാശികൾക്ക് എന്നപോലെ അവർക്കു... |
| VII | (8) **ദൈവത്തിന്റെ ബഹുവിധമായ കൃപ**<br>• ജീവ കൃപ പെരുകി അത് ദൈവത്തിന്റെ ബഹുവിധമായ കൃപയായിത്തീരുന്നു | 1 പത്രൊ 4:10 ...ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |
| VIII | (9) **ദൈവം താഴ്മയുള്ളവർക്ക് കൃപ നൽകുന്നു** | 1 പത്രൊ 5:5 ...ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |
| IX | (10) **സകല കൃപയുടെയും ദൈവം**<br>• വിശ്വാസികളെ തന്റെ നിത്യ തേജസ്സിലേക്ക് വിളിച്ച "സകല കൃപയുടെയും ദൈവം" അവരുടെ കഷ്ടാനുഭവങ്ങളിലൂടെ അവരെ തികഞ്ഞവരാക്കുകയും ഉറപ്പിക്കുകയും ബലപ്പെടുത്തുകയും അടിസ്ഥാനപ്പെടുത്തുകയും ചെയ്യുന്നു; ഈ "സകല കൃപയും" വിശ്വാസികൾ അതിലേക്ക് പ്രവേശിച്ച് അതിൽ നിൽക്കേണ്ട "ദൈവത്തിന്റെ സത്യകൃപ" ആണ് | 1 പത്രൊ 5:10 ...സകല കൃപയുടെയും ദൈവം... |
| X | (11) **ദൈവത്തിന്റെ സത്യകൃപ** (12) **അവന്റെ മഹത്വത്തിങ്കലേക്ക് വളരേണ്ടതായ കൃപയാണ്**<br>• കൃപയുടെ ഉൽപനത്തെ നാം പ്രദർശിപ്പിക്കണം | 1 പത്രൊ 5:12 ഇതാകുന്നു ദൈവത്തിന്റെ സത്യകൃപ... ഈ കൃപയിലേക്കു പ്രവേശിച്ച് അതിൽ നിൽക്കുവിൻ<br>2 പത്രൊ 3:18 നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ...<br>എഫെ 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ |

| | | |
|---|---|---|
| കൃപ ആവിഷ്കരിക്കുന്നതായ ജീവിത രീതി, കൃപ ആസ്വദിക്കുവാൻ | ബഹുവിധമായ കൃപയുടെ ഒരു നല്ല കാര്യവിചാരകനായിരിക്കുക, കൃപ ശുശ്രൂഷിക്കുവാൻ | കൃപയുടെ ഉൽപനത്തെ ഈ യുഗത്തിലും വരുവാനുള്ള യുഗങ്ങളിലും പ്രദർശിപ്പിക്കുവാൻ |

PSRP ജീവിതം

PSRP യോഗം സൂമിൽ (Zoom) — തിങ്കളാഴ്ച്ച വൈകുന്നേരം 7 മണിക്ക് Meeting ID: 984 094 547 Passcode: 1 (P.T.O—അടുത്ത പേജിലേക്ക് പോകുക)

# പത്രൊസിന്റെ ലേഖനങ്ങളിലെ കൃപയെ പരാമർശിക്കുന്നു വാക്യങ്ങളുടെ അടിക്കുറിപ്പുകൾ

**1, 2. പെരുകുന്ന കൃപ—1 പത്രൊ 1:2 & 2 പത്രൊ 1:2**

പെരുകുന്ന കൃപ, ബഹുവിധ കൃപയോടും (4:10) സകല കൃപയോടും (5:10) ഒത്തിരിക്കുന്നു. വിശ്വാസികൾ പ്രാരംഭ കൃപ പ്രാപിച്ചിരിക്കുന്നു, എന്നിരുന്നാലും, അവർ സകല കൃപയിലും പങ്കാളികളാകേണ്ടതിന് ഈ കൃപ അവരിൽ പെരുകേണ്ടതുണ്ട്.

**3. വരുവാനുള്ള കൃപ—1 പത്രൊ 1:10**

ഈ വാക്യത്തിലെ *രക്ഷ* എന്നതിനുള്ള ഒരു സമാനാർഥപദം (*1:13-ന്റെ താഴെ കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് കാണുക*). *കൃപ* എന്നതിന് യോഹ. 1-ൽ 14-3, 1 കൊരി. 15-ൽ 10-1 എന്നീ കുറിപ്പുകൾ കാണുക.

**4. പ്രത്യാശ പൂർണമായി ഉറപ്പിച്ചിരിക്കുന്ന കൃപ—1 പത്രൊ 1:13**

അതായത്, ദേഹിയുടെ രക്ഷ (വാ. 5, 9-10). ഇത്, ദൈവത്തിന്റെ സമ്പൂർണ രക്ഷയുടെ പരിണതിയായിരിക്കും. കർത്താവിന്റെ ഒന്നാം വരവിനാൽ കൃപ നമ്മിലേക്ക് കൊണ്ടുവരപ്പെട്ടു (യോഹ. 1:17). അത് അവന്റെ രണ്ടാം വരവിനാൽ പരിണതിപ്രാപിക്കും. നാം ഇങ്ങനെയുള്ള കൃപയിന്മേൽ നമ്മുടെ പ്രത്യാശ ഉറപ്പിക്കണം.

**5, 6. ദൈവമുമ്പാകെ കൃപ—1 പത്രൊ 2:19-20**

ഇവിടെ കൃപ എന്നത്, നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ പ്രേരണയെയും, നമ്മുടെ പെരുമാറ്റത്തിൽ മനുഷ്യന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ കൃപനിറഞ്ഞതും സ്വീകാര്യവുമായിത്തീരുന്ന (വാ. 20), നമ്മുടെ ജീവിതത്തിലെ അതിന്റെ ആവിഷ്കാരത്തെയും സൂചിപ്പിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള ഉൾബോധം അഥവാ ദൈവത്തോടുള്ള മനസ്സാക്ഷിക്കുവേണ്ടി. ദൈവത്തെക്കുറിച്ചുള്ള ഉൾബോധം എന്നത്, ദൈവത്തോടുള്ള ഒരുവന്റെ ബന്ധത്തെക്കുറിച്ചുള്ള ഉൾബോധമാണ്. ദൈവത്തോട് നല്ലതും നിർമലവുമായ മനസ്സാക്ഷി ഉണ്ടായിരിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്തുകൊണ്ട്, ഒരുവൻ ദൈവവുമായി ഉറ്റ കൂട്ടായ്മയിൽ ജീവിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു

**7. ജീവകൃപ—1 പത്രൊ 3:7**

ജീവകൃപ എന്നത്, ദൈവം തന്റെ ത്രിത്വത്തിൽ—ജീവന്റെ സ്രോതസ്സായ പിതാവും, ജീവന്റെ ഗതിയായ പുത്രനും, പുത്രനോടും പിതാവിനോടും കൂടെ, നമുക്ക് കൃപയായി, നമ്മുടെ ഉള്ളിൽ ഒഴുകുന്ന, ജീവന്റെ ഒഴുക്കായ ആത്മാവും—നമുക്ക് ജീവനും ജീവസഹായവും ആയിരിക്കുന്നതാണ്. സകല വിശ്വാസികളും ഈ കൃപയുടെ അവകാശികളാണ്.

**8. ബഹുവിധമായ കൃപ—1 പത്രൊ 4:10**

അധ്യായം 1-ൽ, അധ്യാ. 5-ൽ എന്നീ കുറിപ്പുകൾ കാണുക. അധ്യായം 5-ലെ "സകല കൃപ" പോലെ , ദൈവത്തിന്റെ ബഹുവിധ കൃപ, വിവിധ വശങ്ങളിൽ നമ്മിലേക്ക് ശുശ്രൂഷിക്കപ്പെടുന്ന (2 കൊരി. 13:14;12:9), ത്രിയേക ദൈവമായ, ജീവന്റെ സമ്പന്ന സഹായമാണ്. നല്ല കാര്യവിചാരകന്മാരായി, നമുക്ക് ലഭിച്ച ഉപഹാരത്താൽ നാം സഭയ്ക്കും വിശുദ്ധന്മാർക്കും വെറും ഉപദേശത്തെയോ, വ്യർഥമായ ഏതെങ്കിലും കാര്യത്തെയോ അല്ല, പിന്നെയോ, ഇപ്രകാരമുള്ള കൃപയെ ശുശ്രൂഷിക്കണം.

**9. താഴ്മയുള്ളവർക്ക് കൃപ നൽകുന്നു—1 പത്രൊ 5:5**

വാ. 6-ലെ താഴ്ത്തപ്പെട്ടിരിക്കുവിൻ എന്ന പദം യവനഭാഷയിൽ കർമണി പ്രയോഗത്തിലാണ്. ഇത് പ്രധാനമായും, ഉപദ്രവങ്ങളിലെ കഷ്ടാനുഭവങ്ങളിലൂടെ (വാ. 10), ദൈവത്താൽ താഴ്മയുള്ളവരാക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ, ഇതിനായി നാം ദൈവത്തിന്റെ പ്രവർത്തനത്തോട് സഹകരിക്കേണ്ടതുണ്ട്; ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താഴ്മയുള്ളവർ, വിനയമുള്ളവർ ആക്കപ്പെടുവാൻ നാം സന്നദ്ധരായിരിക്കണം. തന്മൂലം, താഴ്ത്തപ്പെട്ടിരിക്കുവിൻ. താഴ്ത്തപ്പെടുക എന്നത് കർമണിപ്രയോഗമാണ്, എന്നാൽ ഇരിക്കുവിൻ എന്നത് കർത്തരിപ്രയോഗമാണ്. നമ്മുടെമേൽ പ്രവർത്തിക്കുവാൻ ദൈവം ക്രിയചെയ്യുമ്പോൾ, അവൻ നമ്മുടെ മേൽ പ്രവർത്തിക്കേണ്ടതിന് നാം മുൻകൈയെടുക്കണം. മുൻകൈയെടുക്കുക എന്നത് കർത്തരിപ്രയോഗമാണ്; എന്നാൽ പ്രവർത്തനത്തിന് കീഴിൽ ആയിരിക്കുക എന്നത് കർമണിപ്രയോഗമാണ്. ഇത്, നമുക്കുവേണ്ടി സകലവും ചെയ്യുവാൻ ബലമുള്ളതായ, ദൈവത്തിന്റെ കൈക്കീഴിൽ ആയിരിക്കുവാനുള്ള നമ്മുടെ സന്നദ്ധതയാണ്.

**10. സകല കൃപ—1 പത്രൊ 5:10**

*സകല കൃപ* എന്നത്, ദൈവവ്യവസ്ഥയിൽ നമ്മുടെ മേലും നമ്മിലുമുള്ള ദിവ്യ പ്രവർത്തനത്തിന്റെ അനേകം പടികളിൽ, നമ്മിലേക്ക് ശുശ്രൂഷിക്കപ്പെടുന്ന, അനേകം വശങ്ങളിലുള്ള ദിവ്യജീവന്റെ സമൃദ്ധമായ സഹായത്തിന്റെ സമ്പത്തിനെ സൂചിപ്പിക്കുന്നു. നിങ്ങളെ *തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ* എന്നതിൽ ഇവിടെ പരാമർശിച്ചിരിക്കുന്നത് പോലെ, പ്രാരംഭ പടി, നമ്മെ വിളിക്കുക എന്നതും, പൂർത്തീകരിക്കുന്ന പടി, നമ്മെ തേജസ്കരിക്കുക എന്നതുമാണ്. ഈ രണ്ട് പടികൾക്കിടയിൽ ദൈവം നമ്മെ ശിക്ഷണവിധേയമാക്കുമ്പോഴുള്ള അവന്റെ സ്നേഹം നിറഞ്ഞ കരുതലും, തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തുന്നതായ നമ്മിലുള്ള അവന്റെ വേലയുമുണ്ട് . ഈ ദിവ്യ പ്രവൃത്തികളിലൊക്കെയും, ദിവ്യജീവന്റെ സമൃദ്ധമായ സഹായം, ബഹുവിധമായ അനുഭവങ്ങളിൽ കൃപയായി നമ്മിലേക്ക് ശുശ്രൂഷിക്കപ്പെടുന്നു. ഇപ്രകാരമുള്ള കൃപയുടെ ദൈവം, ഉപദ്രവിക്കപ്പെട്ട വിശ്വാസികൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, അവരെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

**11. സത്യ കൃപ—1 പത്രൊ 5:12**

വാക്യം 10-ലെ "സകല കൃപ" എന്നതിനെ സൂചിപ്പിക്കുന്നു . ഈ കൃപയിലേക്ക് പ്രവേശിച്ച് അതിൽ നിൽക്കുവാൻ അപ്പൊസ്തലൻ വിശ്വാസികളോട് ആജ്ഞാപിച്ചു. ഈ പുസ്തകം എഴുതപ്പെട്ടത്, പ്രധാനമായും, ഉപദ്രവിക്കപ്പെട്ട വിശ്വാസികൾക്ക്, തങ്ങളുടെ കഷ്ടാനുഭവങ്ങളിലെ, ദൈവത്തിന്റെ ഭരണസംബന്ധമായ ഉദ്ദേശ്യം കാണിച്ചുകൊടുക്കുവാനാണ്. അവർ ആ കഷ്ടാനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതിന് ദൈവം അവർക്ക് പെരുകുന്നതും, ബഹുവിധമായതും, സത്യമായതുമായ സകല കൃപയും പ്രദാനം ചെയ്യുന്നു (വാ. 10; 1:2; 4:10). ഇത്, ക്രിസ്തുവിന്റെയും ക്രിസ്തുവിനുവേണ്ടിയുമുള്ള കഷ്ടാനുഭവങ്ങളിൽ പങ്കുചേരുവാൻ അവരെ പ്രാപ്തരാക്കുന്നതിന് മതിയായതാണ് (2:21; 3:14-17; 4:12-16). ഇത് അവരെ ത്രിയേക ദൈവത്തിൽ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തുകയും അവന്റെ നിത്യതേജസ്സിലേക്ക് അവരെ കൊണ്ടുവരുകയും ചെയ്യും (വാ. 10).

**12. കൃപയിൽ വളരുക—2 പത്രൊ 3:18**

പത്രൊസ് തന്റെ രണ്ട് ലേഖനങ്ങളിലും എഴുതിയത് ജീവനെ സംബന്ധിച്ച വിഷയമാണെന്ന് ഇത് സൂചിപ്പിക്കുന്നു . കൃപയിൽ വളരുകയെന്നാൽ, ദിവ്യശക്തിയാൽ നൽകപ്പെടുന്ന നിത്യജീവന്റെ സമ്പന്ന സഹായത്താൽ വളരുകയെന്നാണ് (1:3-4). കർത്താവിന്റെ പരിജ്ഞാനത്തിൽ വളരുകയെന്നാൽ, ക്രിസ്തു എന്തായിരിക്കുന്നു എന്നതിനെ സംബന്ധിച്ച അനുഭവജ്ഞാനത്താൽ വളരുകയെന്നാണ്. ഇത്, കൃപയുടെ ആസ്വാദനത്താലും, സത്യത്തിന്റെ അനുഭവജ്ഞാനത്താലും വളരുകയെന്നതാണ്